(ബി) ഇല്ലെങ്കിൽ കൂടുതൽ റൂട്ടുകൾ ദേശസാൽക്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഏതൊക്കെ റൂട്ടുകളാണ് ഇങ്ങനെ ദേശസാൽക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) ഇതിനായി കൂടുതൽ ബസ്സുകൾ വാങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) പ്രൈവറ്റ് ബസ്സുകൾ സർവ്വീസ് നടത്തുന്ന ഏതാനും റൂട്ടുകളിൽ കെ. എസ്. ആർ. ടി. സി. ലാഭകരമായി സർവ്വീസ് നടത്തുന്നുണ്ട്. എല്ലാ റൂട്ടുകളിലും ലാഭകരമായി സർവ്വീസ് നടത്താൻ കഴിയുന്നില്ല.

(ബി) ദേശസാൽക്കരണവുമായി ബന്ധപ്പെട്ട് കെ. എസ്. ആർ. ടി. സി. ചില പ്രൊപ്പോസലുകൾ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(സി) ഗുരുവായൂർ-എറണാകുളം (വഴി) വരാപ്പുഴ.

(ഡി) ഇക്കാര്യത്തിൽ ഫൈനൽ നോട്ടിഫിക്കേഷൻ കഴിഞ്ഞ് നടപടി സ്വീകരിക്കുന്നതാണ്.

ദീർഘദൂര റൂട്ടുകളിലും ഇന്റർസ്റ്റേറ്റ് റൂട്ടുകളിലും കൂടി സർവ്വീസ് നടത്തുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകൾ

113 [3518] ശ്രീ. സി. ടി. അഹമ്മദ് അലി:
„ പി. കെ. അബ്ദുറബ്ബ്:
„ ടി. പി. എം. സാഹിർ:
„ സി. മോയിൻകുട്ടി:
„ ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘദൂര റൂട്ടുകളിലും ഇന്റർസ്റ്റേറ്റ് റൂട്ടുകളിലും കൂടി സർവ്വീസ് നടത്തുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ ഉണ്ടായിരിക്കേണ്ട സൗകര്യങ്ങളെ സംബന്ധിച്ച് എന്തെങ്കിലും നിബന്ധന നിലവിൽ പാലിക്കുന്നുണ്ടോ;

(ബി) എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സ്വകാര്യ വ്യക്തികൾ നടത്തുന്ന ദീർഘദൂര ബസ് സർവ്വീസുകളിൽ നൽകുന്ന യാത്രാ സൗകര്യങ്ങളുമായി ഇവ താരതമ്യം ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ദീർഘദൂര സ്വകാര്യ ബസ്സുകളിൽ ഏർപ്പെടുത്തിയിട്ടുള്ള അതേ സൗകര്യങ്ങൾ കെ. എസ്. ആർ. ടി. സി. ബസ്സുകളിലും ഏർപ്പെടുത്താൻ സത്വര നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) പാലിക്കുന്നുണ്ട്.

(ബി) ബന്ധപ്പെട്ട മോട്ടോർ വെഹിക്കിൾസ് റൂളുകളിൽ പറയുന്ന നിബന്ധനകൾ പാലിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) സ്വകാര്യ ബസ്സുകൾ കോൺട്രാക്ട് ക്യാരേജ് സർവ്വീസാണ് നടത്തുന്നത്. കെ. എസ്. ആർ. ടി. സി. സ്റ്റേജ് ക്യാരേജ് സർവ്വീസാണ് നടത്തുന്നത്.

കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ കുറവ് പരിഹരിക്കാൻ നടപടി

114 [3519] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-ക്ക് നിലവിൽ ഉപയോഗയോഗ്യമായ എത്ര ബസ്സുകൾ സ്വന്തമായുണ്ട്;

(ബി) ബസ്സുകളുടെ കാലപ്പഴക്കം വർഷത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) കെ. എസ്. ആർ. ടി. സി. ആകെ ഓപ്പറേറ്റു ചെയ്യുന്ന ഷെഡ്യൂളുകളും ബസ്സുകളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് പറയാമോ;

(ഡി) ബസ്സുകളുടെ കുറവ് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 4218 ബസ്സുകൾ.

(ബി) ഒരു വർഷം വരെ പഴക്കമുള്ള 82 ബസ്സുകൾ, രണ്ടു വർഷം വരെ 394-ഉം, മൂന്നു വർഷംവരെ 588-ഉം, 4 വർഷം വരെ 268-ഉം, 5 വർഷം വരെ 407-ഉം, 6 വർഷം വരെ 460-ഉം, 7 വർഷം വരെ 367-ഉം, 8 വർഷം വരെ 512-ഉം, 9 വർഷം വരെ 434-ഉം, 10 വർഷം വരെ 317-ഉം 10 വർഷത്തിനുമേൽ പഴക്കമുള്ള 389 ബസ്സുകളും ഇപ്പോൾ ഉണ്ട്.

(സി) 3881 ഷെഡ്യൂളുകൾക്ക് 4218 ബസ്സുകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly